നം.കെ.എസ്.എ.-കെ.ടി.എം.പി.10-1115/2017 തീയതി : 14/07/2017

# കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 04.07.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.06.2017 മുതൽ 04.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ നടരാജൻ പി.ബി. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി മേരി ആൻഡ്രൂസ് | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശിവരാജ് പി | ഓഡിറ്റർ |

## (ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഏലിക്കുട്ടി തോമസ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ പി.വി. രാജീവ് | 01.04.2016 മുതൽ 31.03.2017 വരെ |

## (സി)മറ്റ് നിർവഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ചെല്ലപ്പൻ പി.റ്റി. | 01.04.16 മുതൽ 07.01.17 എഫ്.എൻ.വരെ |
| | ശ്രീ തോമസ് വി. കുരുവിള | 07.01.2017 എ.എൻ. മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ശ്രീ സുഭാഷ് പിള്ള | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ ആനന്ദ് പി.ആർ. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഡി. ദീപു | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീ ദിനേശൻ പി.പി. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. നീത ആലീസ് പോൾ | 01.04.2016 മുതൽ 20.06.2016 വരെ |
| | ഡോ. ഡാലി സഖറിയാസ് | 21.06.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. | ശ്രീമതി അന്ന കെ.ഒ. | 01.04.2016 മുതൽ 06.09.2016 |

| | | |
|---|---|---|
| | | വരെ |
| സൂപ്പർവൈസർ | ശ്രീമതി ലക്ഷ്മി എ.എസ്. | 07.09.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ബേസിൽ തമ്പി | 01.04.2016 മുതൽ 03.07.2016 വരെ |
| | ഡോ. ശ്രീലത എൽ.വി. | 04.07.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. അഞ്ജന | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി ജയകുമാരി പി.ബി. | 01.04.2016 മുതൽ 21.08.2016 വരെ |
| | ശ്രീ വിജയകുമാർ എം.ജി. | 22.08.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി ബിന്ദു ജെ.എൽ. | 01.04.2016 മുതൽ 31.03.2017 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക-നം. | വിഷയം |
|---|---|
| **ഭാഗം 1 – പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| **ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2 | മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത |
| 2-3 | മൊബൈൽ ടവറുകളുടെ പരിഷ്കരിച്ച വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 2-4 | വസ്തുനികുതി കുടിശികയിനത്തിൽ വൻതുക നിലനിൽക്കുന്നു |
| 2-5 | ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല |
| 2-6 | പണമിടപാടു സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്തിട്ടില്ല |
| 2-7 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-8 | പരസ്യ നികുതി |
| 2-9 | ദുരിതാശ്വാസനിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല |
| **ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | പ്രാഥമിക ആരോഗ്യകേന്ദ്രം-കെട്ടിട നിർമ്മാണം-ദീർഘവീക്ഷണമില്ലാത്ത പദ്ധതി നിർവ്വഹണം |

| | |
|---|---|
| 3-2 | അങ്കണവാടി പ്രവർത്തകർക്ക് വേതനം-താൽക്കാലികജീവനക്കാർക്കും റെഗുലർ ജീവനക്കാരുടെ നിരക്കിൽ വേതനം നൽകി |
| 3-3 | അംഗപരിമിതരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്- എസ് സി പി പ്രോജക്ടിൽ പൊതുവിഭാഗത്തെയും ഉൾപ്പെടുത്തിയത് |
| 3-4 | വെള്ളക്കരം |
| 3-5 | ജലനിധി |
| 3-6 | കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികൾ-സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയത് |
| 3-7 | സ്വയംതൊഴിലിനായി മോട്ടോർ സൈക്കിൾ സബ്സിഡി-മുൻഗണന മാനദണ്ഡങ്ങൾ പാലിച്ചില്ല |
| 3-8 | മരുന്ന് പൂർണ്ണമായി ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-9 | മരുന്ന് ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-10 | മരുന്ന് പൂർണ്ണമായി ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-11 | ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ലഭിച്ച തുക തനത് ഫണ്ടിൽ അവശേഷിക്കുന്നു |
| 3-12 | ആശ്രയ പദ്ധതി - കുടുംബശ്രീക്ക് നൽകിയ വിഹിതം ചെലവഴിച്ചില്ല |
| 3-13 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി |
| **ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |


## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 പുതുക്കിയ ബജറ്റ് 28.03.2017 തിയതിയിലെ 2-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 19992717.90 | 19063854.10 | - | 928863.8 | (+)4.6 |

| | | | | | |
|---|---|---|---|---|---|
| വരവ് | 193541193 | 90161919 | - | 103379274 | (-)53.4 |
| ആകെ | 213533910.90 | 109225773.10 | - | 104308137.8 | (+)48.8 |
| ചെലവ് | 194242943 | 69265789 | - | 124977154 | (-)64.34 |
| നീക്കിയിരിപ്പ് | 19290967.90 | 39959984.10 | 20669016.2 | - | |

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണ് എന്ന് വിശകലനത്തിൽ ബോധ്യമാകുന്നു. മുൻവർഷ കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കുന്നത് എന്നത് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുടർവർഷത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 18.06.2017 |

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9(1) വകുപ്പുപ്രകാരമുള്ള സമയപരിധിക്കുള്ളിൽ 2016-17 വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക, 31.03.2017-ലെ ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു. 2016-17 ലെ വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും ഖണ്ഡിക 2-1 ൽ നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2016-17 റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 19063854.10 |
| വരവ് | 90161919 |
| ആകെ | 109225773.10 |
| ചെലവ് | 69265789 |
| നീക്കിയിരിപ്പ് | 39959984.10 |

## 1-5 ഫണ്ട് വിനിയോഗം

2016-17 ലെ വിവിധ ഫണ്ടുകളുടെ വിനിയോഗം താഴെ ചേർക്കുന്നു

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 14234301 | 12945861 | 1288440 | 90.9 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 7509648 | 6006420 | 1503228 | 79.9 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 257730 | 6490 | 251240 | 2.5 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 7407684 | 6527690 | 879994 | 88.1 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 3868470 | 3475915 | 392555 | 89.85 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7982633 | 6015178 | 1967455 | 75.35 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5830884 | 3144418 | 2686466 | 54 |

വിവിധ ഫണ്ടുകളുടെ കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റും യഥാർത്ഥ ചെലവുമാണ് പട്ടികയിൽ

ചേർത്തിരിക്കുന്നത്. കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവ് വരുന്ന തുക മാത്രമാണ് പഞ്ചായത്ത് കണക്കുകളിൽ പ്രതിഫലിക്കുന്നത് (പ്രസ്തുത ഇനങ്ങളുടെ പഞ്ചായത്ത് ഫണ്ടിലെ വരവും ചെലവും തുല്യമാണ്).

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 86615119 | 88 | 41961972 | 22 | 27 | 64 |

കോട്ടയം ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം.490/16/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം.തീ 27-03-17 ലെ നടപടിക്രമങ്ങൾ പ്രകാരം അംഗീകരിച്ച്, പൊതുവിഭാഗത്തിൽ 111 പ്രോജക്ടുകളും പട്ടികജാതി വിഭാഗത്തിലെ 23പ്രോജക്ടുകളും പട്ടികവർഗ്ഗവിഭാഗത്തിലെ 3 പ്രോജക്ടുകളും ഉൾപ്പെടെ ആകെ 137പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ, 110പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയുണ്ടായി.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 18-8-16ൽ യോഗം ചേർന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ കൂടുകയുണ്ടായി. 10.12.2016 ൽ വികസന സെമിനാർ കൂടി കരട് വാർഷിക പദ്ധതി ചർച്ച ചെയ്തു. 12-08-16ൽ വൃദ്ധർ, വികലാംഗർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായുള്ള പ്രോജക്ടുകൾ തീരുമാനിയ്ക്കുന്നതിനായുള്ള പ്രത്യേക ഗ്രാമസഭയും 04-08-16ൽ ഊരുകൂട്ടയോഗവും കൂടുകയുണ്ടായി. 19-08-16ലെ 1(1) നമ്പർ തീരുമാനപ്രകാരം വാർഷിക പദ്ധതിയ്ക്ക് ഭരണാനുമതി നല്കി.

തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

- ഉൽപ്പാദനമേഖലയിൽ ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി, വനിതകൾക്ക് പശുവളർത്തൽ, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ, കാർഷികമേഖലയിൽ വളം വിതരണം തുടങ്ങിയപ്രോജക്ടുകൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞു.
- സേവനമേഖലയിൽ പാലിയേറ്റീവ് കെയർ, വീട് മെയിന്റനൻസ്, ശുചിത്വ കിണർ നിർമ്മാണം തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി. വിവിധ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട് മരുന്നു വാങ്ങുന്നതിനായി ഹോംകോ, ഔഷധി, KMSCL തുടങ്ങിയ സ്ഥാപനങ്ങളിൽ തുക നല്കിയിട്ടുണ്ടെങ്കിലും ആവശ്യപ്പെട്ട മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല. ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ പൂർണമായി ലക്ഷ്യം നേടാതിരിക്കുകയും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുകയും ചെയ്തു.
- പശ്ചാത്തലമേഖലയിൽ നിരവധി പുതിയ റോഡുകളുടെ നിർമ്മാണവും, നിലവിലുള്ള റോഡുകളുടെ മെയിന്റനൻസും നടപ്പിലാക്കി. 4 അങ്കണവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചത് ശ്രദ്ധേയമായ പദ്ധതി നിർവ്വഹണമായി വിലയിരുത്തുന്നു. എന്നാൽ പിഎച്ച്സി കെട്ടിട നിർമ്മാണം ദീർഘവീക്ഷണമില്ലാത്ത പ്രോജക്ടായി പരിണമിച്ചു.
- ഐ എസ് ഒ സർട്ടിഫിക്കേഷനു വേണ്ടി 5 ലക്ഷം വകയിരുത്തിയെങ്കിലും പദ്ധതിയ്ക്കായി പ്രാരംഭനടപടികൾ പോലും സ്വീകരിച്ചിട്ടില്ല.
- മാടപ്പള്ളി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം, പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം തുടങ്ങിയ പ്രധാനപ്പെട്ട പദ്ധതികളൊന്നും നടപ്പാക്കിയില്ല.
- ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കായി സ്കോളർഷിപ്പ് നൽകൽ പദ്ധതി മാത്രമാണ് നടപ്പാക്കിയത്.
- അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ സ്വയംതൊഴിൽ പദ്ധതി കേവലം ഇരുചക്രവാഹനവിതരണ പദ്ധതി മാത്രമായി മാറി.

## 1-7 തനതു വരുമാനം

വാർഷിക കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 47.73 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8784031 | 13134991 | 4350960 | (+)49.5 |
| നികുതിയേതര വരവുകൾ | 1049957 | 1208116 | 158159 | (+)15.06 |
| മറ്റുവരവുകൾ | 222930 | 514284 | 291354 | (+)130.69 |

| | | | | |
|---|---|---|---|---|
| ആകെ | 10056918 | 14857391 | 4800473 | (+)47.73 |

രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ ന്യൂനത മൂലവും രേഖകളുടെ അഭാവം മൂലവും തനതുവരുമാനത്തിൽ ഉണ്ടായിട്ടുള്ള ഏറ്റക്കുറച്ചിലുകൾ കൃത്യമായി അപഗ്രഥിക്കാൻ സാധിച്ചിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 123600 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 3581380 | 440 |
| വിധവാപെൻഷൻ | 10790720 | 976 |
| വാർദ്ധക്യകാലപെൻഷൻ | 15823730 | 2145 |
| വികലാംഗപെൻഷൻ | 2448740 | 287 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 330070 | 34 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.06.2017 തീയതി 3.00 പി.എം.-ന് പഞ്ചായത്ത് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35,944/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

### രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1.<u>ആസ്തി രജിസ്റ്റർ</u>

എ) രജിസ്റ്റർ കാലികമാക്കുന്നില്ല.

ബ) രജിസ്റ്ററിൽ ചേർത്തിട്ടുള്ള റോഡുകൾ യഥാർത്ഥ റോഡുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. ഉദാ:ആസ്തി രജിസ്റ്റർ പേജ് നം. 188 78-ാം ഇനമായി മാന്നിലക്കുരിശ്ശടി-പൂവക്കാട് റോഡിനു പകരം മാന്നിലക്കുരിശ്ശടി-കൂവക്കാട് റോഡെന്നാണ് ചേർത്തിട്ടുള്ളത്.

2.<u>സ്റ്റോക്ക് രജിസ്റ്റർ</u>

തൻവർഷം പഞ്ചായത്തിൽ പദ്ധതി പ്രകാരവും അല്ലാതെയും നടത്തിയ എല്ലാ വാങ്ങലുകളും ഒരു സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരിക്കുന്നു. എന്നാൽ അവയുടെ വിതരണത്തിന്റെയും വിതരണബാക്കിയുടേയും വിശദാംശങ്ങൾ ലഭ്യമല്ല. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്നും വാങ്ങിയ ഫാറങ്ങളുടേയും രജിസ്റ്ററുകളുടേയും പട്ടിക രജിസ്റ്ററിൽ ഒട്ടിച്ചിട്ടുള്ളതല്ലാതെ അവയുടെ വിതരണം, വിതരണബാക്കി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമല്ല. പഞ്ചായത്തിലെ വിവിധ വാങ്ങലുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അവ വിതരണം ചെയ്തതിന്റെയും (കൈപ്പറ്റിയവരുടെ സാക്ഷ്യപ്പെടുത്തൽ സഹിതം) ബാക്കി അവശേഷിക്കുന്നവയുടേയും വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

### വൗച്ചറുകളുടെ സൂക്ഷിപ്പ്

വൗച്ചറുകൾ മാസാടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അനുബന്ധരേഖകൾ നഷ്ടപ്പെടുവാൻ സാധ്യമുള്ളതിനാൽ ബൈൻഡു ചെയ്തു സൂക്ഷിക്കേണ്ടതാണ്.

### ഓഫീസ് ഉത്തരവു രജിസ്റ്റർ

ഓഡിറ്റ് വർഷം 24 ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയവ പഞ്ചായത്തിന്റെ പ്രവർത്തനത്തെ പൊതുവിൽ നിയന്ത്രിക്കുവാൻ പര്യാപ്തമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.05.2017 | 04/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.01.2017 – 05.02.2017 | 2011-12 to 2015-16 | LBA(HQ)/IInd8A-2364/16-17/458 Dated 14.03.2017 |
|---|---|---|---|

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും

മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 67,96,971/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 114,892,903/- രൂപയും ചെലവ് 108,095,932/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) 109225773.1/- രൂപയും ആകെ ചെലവ് (നീക്കിയിരിപ്പ് ഒഴികെ) 69,265,789/- രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 39,959,984.1/- രൂപയാണ്. 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 110,119,760.1/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 72,472,750.9/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 37,647,009.2/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കൃത്യമായി കണക്കാക്കിയിട്ടില്ല. ഭൂമിയുടെ മൂല്യം കാണിക്കുന്ന 410100199- Land-Others കണക്ക് ശീർഷകത്തിൽ 31.03.2017-ൽ 2,34,138/- രൂപയുടെ ആസ്തിമാത്രമാണുള്ളത്.

4) 31.03.2017-ലെ റീക്കൺസിലേഷൻ പത്രികയിൽ ഇഷ്യൂ ചെയ്ത് ദീർഘകാലമായിട്ടും പണമാക്കി മാറ്റാത്ത തനത് ഫണ്ട് അക്കൗണ്ടിലെ 4 ചെക്കുകളുടെയും (ക്രമ നം.1-4)എസ്.ബി.ടി.-ജലനിധി അക്കൗണ്ടിലെ ഒരു ചെക്കിന്റെയും (ക്രമ നം.5) തുക അക്കൗണ്ടിൽ ക്രമീകരിക്കാത്തതായി കാണുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി | തുക(രൂപ) |
|---|---|---|---|
| 1. | 21600238/22.07.2016 | 334645/22.07.2016 | 500/- |
| 2. | 21500339/25.10.2015 | 330972/25.10.2015 | 900/- |
| 3. | 21300051/26.04.2013 | 320963/26.04.2013 | 500/- |
| 4. | 21400639/03.12.2014 | 327213/03.12.2014 | 700/- |
| 5. | 21500424/08.10.2015 | 441698/08.10.2015 | 3000/- |

അക്കൗണ്ടിലെ അപാകത ജേർണൽ വൗച്ചർ ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

5) 340200199-Other Deposits-Revenue എന്ന കണക്ക് ശീർഷകത്തിൽ 31.03.2017-ൽ നിലനിൽക്കുന്ന ബാധ്യത 3,23,414/- രൂപയുടെ വിശദാംശം ഡെപോസിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല.

6) പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബൊലേറോ ജീപ്പിന്റെ (രജി നം.KL-33-2826) മൂല്യം Movable Assets-Vehicles എന്ന കണക്ക് ശീർഷകത്തിൽ ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.

7) സഞ്ചയ-സാംഖ്യ മാപ്പിങ്ങ് പൂർത്തിയായിട്ടില്ലാത്തിതിനാൽ വസ്തുനികുതിയുടെ ഡിമാന്റ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8) എം.ജി.എൻ.ആർ.ഇ.ജി.എസ്. ന്റെ വരവ്-ചെലവ് കണക്കുകൾ (ക്യാഷ് ബുക്ക് പ്രകാരം) ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ ധനകാര്യ റിപ്പോർട്ടിങ്ങിലും അക്കൗണ്ടിങ്ങിലും മേൽസൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് ആസ്തികളുടെ വിനിയോഗവും വിനിമയവും സംബന്ധിച്ച വിശദാംശം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

### 2-2 മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

മാടപ്പള്ളി ഗ്രാമ പഞ്ചായത്ത് 5-ാം വാർഡിൽ 5/300/A നമ്പരായി നികുതി നിർണ്ണയിച്ച ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയതിലെ പിഴവുമൂലം നികതിയിൽ കുറവ് വന്നതായി കാണുന്നു. മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകൾക്ക് ച.മീറ്ററിന് 500/- രൂപയാണ് നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. സഞ്ചയ പ്രോപ്പർട്ടി ടാക്സ് മൊഡ്യൂളിലെ നികുതിനിർണ്ണയം പ്രകാരം 10ച.മീ. വിസ്തീർണ്ണം കണക്കാക്കിയാണ് 2013-14 ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചത്. എന്നാൽ 04.07.2017-ൽ 2016-17 കാലയളവിൽ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ ചെല്ലപ്പൻ പി.റ്റി. യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ

ടവറിന്റെയും, ബാറ്ററി തറ, ജനറേറ്റർ തറ എന്നിവയുടെ ആകെ വിസ്തീർണ്ണം 18.24ച.മീ. ആണെന്ന് കണ്ടെത്തി. ഇതിൻപ്രകാരം വാർഷിക നികുതി നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർണ്ണയിച്ച നികുതി (10ച.മീ.) | അടിസ്ഥാന നികുതി - 5000/-<br>10% ഇളവ് - 500/-<br>നികുതി - 4500/- |
| നിർണ്ണയിക്കേണ്ട നികുതി (18.24ച.മീ.) | അടിസ്ഥാന നികുതി - 9120/-<br>10% ഇളവ് - 912/-<br>നികുതി - 8208/- |
| വാർഷിക നികുതി നഷ്ടം | 8208 - 4500 = 3708/- രൂപ |

2013-14 മുതൽ 2016-17 വരെ 4 വർഷമായി 14,832/- രൂപ നികുതി ഡിമാന്റിൽ നഷ്ടം സംഭവിച്ചിട്ടുണ്ട് (ആകെ 3708X4= 14832 രൂപ). അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/04.07.2017) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ നികുതിനിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതാണ് എന്നറിയിച്ചു. മേൽപറഞ്ഞ മൊബൈൽ ടവറിന്റെ 2013-14 വർഷം മുതലുള്ള വസ്തുനികുതി നാളിതുവരെ ഈടാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് 2013-14 മുതൽ 2016-17 വരെ 4 വർഷത്തെ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ പരിഷ്കരിച്ച വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി 2013-14 വർഷം മുതൽ പരിഷ്കരിച്ചെങ്കിലും നാളിതുവരെ ഈടാക്കിയിട്ടില്ല. 14.01.2011-ലെ ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ- ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയായി നിശ്ചയിച്ച് വിജ്ഞാജനം ചെയ്തിട്ടുണ്ട്. സഞ്ചയ പ്രോപ്പർട്ടി ടാക്സ് മൊഡ്യൂളിലെ വിശദാംശങ്ങൾ പ്രകാരം 12 മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. അവയിൽ 8 എണ്ണം 2013-14 മുതൽ 2016-17 വരെ വസ്തുനികുതി ഒടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. സഞ്ചയ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥ വ്യക്തി/സ്ഥാപനം | വാർഷിക നികുതി (രൂപ) |
|---|---|---|---|
| 1. | 1/249 | ഇൻഡസ് ടവേഴ്സ്, വങ്കാരത്ത് ടവേഴ്സ്- കൊച്ചി | 27,608/- |
| 2. | 5/391/A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 8-ാം നില, വങ്കാരത്ത് ടവർ, എൻ.എച്ച്. ബൈപാസ്, പാടിവട്ടം, കൊച്ചി | 22,375/- |
| 3. | 7/110/A | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ. - കോട്ടയം | 36,300/- |
| 4. | 9/594 | റിലൈൻസ് ഇൻഫോകോം, എ & പി ആർക്കേഡ്, പനമ്പള്ളി നഗർ, കൊച്ചിൻ | 18,360/- |
| 5. | 17/531/A | ജനറൽ മാനേജർ, ടാറ്റാ ടെലിക്കമ്മ്യൂണിക്കേഷൻ ലി, എറണാകുളം-31 | 22,422/- |
| 6. | 18/257 | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ. - കോട്ടയം | 7,948/- |
| 7. | 19/569 | റിലൈൻസ് കമ്മ്യൂണിക്കേഷൻസ്, നം.6/628 എ & പി ആർക്കേഡ്, എസ്.എ. റോഡ്- കൊച്ചി | 48,660/- |
| 8. | 19/723 | ടവർ വിഷൻ ഇന്ത്യ ലി., 21/372 എ1, അറക്കൽ ആർക്കേഡ്, കടവന്ത്ര, കൊച്ചി | 44,490/- |
| ആകെ ഒരു വർഷത്തെ വസ്തുനികുതി | | | 2,28,163/- |

മേൽ പറഞ്ഞ മൊബൈൽ ടവറുകളുടെ 2013-14 മുതൽ 2016-17 വരെ 4 വർഷത്തെ വസ്തുനികുതി കുടിശിക 9,12,652/- രൂപയാണ്(228163X4=912652). മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിലെ 9 ലക്ഷം രൂപയിലധികം വരുന്ന കുടിശിക അടിയന്തിരമായി ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കൽ വിശദാംശങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി കുടിശികയിനത്തിൽ വൻതുക നിലനിൽക്കുന്നു

വസ്തുനികുതിയിനത്തിൽ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | Residential (2016-17) | 8,30,651/- |
| 431100102 | Residential (Arrear) | 16,81,739/- |
| 431100103 | Non-Residential (2016-17) | 19,28,894/- |
| 431100104 | Non-Residential (Arrear) | 26,86,588/- |
| ആകെ | | 71,27,872/- |

വാർഷിക കണക്കുകൾ പ്രകാരം 01.04.2017-ൽ വസ്തുനികുതി കുടിശിക 67,88,450/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട് (7127872-33942(ലൈബ്രറി സെസ്സ്)=6788450). വസ്തുനികുതിയിലെ കുടിശിക 2017-18 വർഷത്തിൽ പൂർണ്ണമായും പിരിച്ചെടുക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 2-5 ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല-

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന ചുവടെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. കുറുമ്പനാടം ഡെവ.സൊസൈറ്റി, പുന്നാംചിറ
2. യൂണിവേഴ്സൽ ചാരിറ്റബിൾ സൊസൈറ്റി, വിത്തരിക്കുന്ന്
3. ഐ.ബി.പി കമ്പനി, ഇല്ലിമൂട്
4. ടെക്നോഹീറ്റ് ബേക്കറി എക്വിപ്മെന്റ്സ്, മാമ്മൂട്
5. കേരള കാക്കാല സർവ്വീസ് സൊസൈറ്റി, ഇടപ്പള്ളി
6. ദീപ്തി കോളേജ്, മാമ്മൂട്, ചങ്ങനാശ്ശേരി

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( നം.8 ) തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

### 2-6 പണമിടപാടു സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും ഡിമാന്റ് ചെയ്തിട്ടില്ല-

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന ചുവടെ കൊടുത്തിരിയ്ക്കുന്ന പണമിടപാടു സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും വാർഷികവിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട സ്ഥാപനതൊഴിൽനികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. അക്ഷയ ഫിനാൻസിയേഴ്സ്, കാഞ്ഞിരത്തുംമൂട്ടിൽ ബിൽഡിംഗ്, തെങ്ങണ
2. ധനതീരം ഫിനാൻസ്, കൂടകുത്തിയിൽ ബിൽഡിംഗ്,
3. KBC ഫിനാൻസിയേഴ്സ്, “
4. മാതാ ഫിനാൻസിയേഴ്സ്, വാഴൂർ റോഡ്, തെങ്ങണ
5. മാടപ്പള്ളി ബാങ്കേഴ്സ്, ഗ്ലോറിയ ബിൽജിംഗ്,തെങ്ങണ
6. പാറശ്ശേരി ഫിനാൻസ്, കോട്ടയ്ക്കൽ അനക്സ് കോംപ്ലക്സ്, തെങ്ങണ
7. ഫിലിപ്സൺ ഫിനാൻസിയേഴ്സ്, മാടപ്പള്ളി
8. വടക്കേമുറിയിൽ ഫിനാൻസിയേഴ്സ്, മാമ്മൂട്
9. നടുവിലേടത്ത് ഫിനാൻസിയേഴ്സ്, നടുവിലേടത്ത് ടവർ, മാമ്മൂട്
10. ഐശ്വര്യ ഫിനാൻസ്, തെങ്ങണ
11. എഴുപ്പാറയിൽ ഫിനാൻസ്, ആഞ്ഞിലിമൂട്ടിൽ ബിൽഡിംഗ്, തെങ്ങണ
12. കണ്ടത്തോട്ട് ബാങ്കേഴ്സ്, പിരമിഡ് ബിൽഡിംഗ്, തെങ്ങണ
13. മരിയ ഫിനാൻസിയേഴ്സ്,ആഞ്ഞിലിമൂട്ടിൽ ബിൽഡിംഗ്, തെങ്ങണ

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( നം.8) ടി സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷണം നടത്തി തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി. തൊഴിൽനികുതി ഈടാക്കി വിശദാംശങ്ങൾ അറിയിയ്ക്കേണ്ടതാണ്.

### 2-7 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2016-17 1ാം അർദ്ധവർഷം തൊഴിൽ നികുതി അടച്ച ചുവടെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2-ാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല.

1. കിങ്ങ് ബേക്കേഴ്സ് പ്രൈ.ലി.

2. എലൈറ്റ് റബ്ബർ പ്രൊഡക്ട്സ്, മാടപ്പള്ളി

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( നം.8) മേൽ സ്ഥാപനങ്ങൾക്ക് കുടിശ്ശിക നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് മറുപടി നൽകി. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-8 പരസ്യ നികുതി

പഞ്ചായത്ത് ഡയക്ടറുടെ 12-01-2017ലെ സി.5-44510/16 നമ്പർ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരസ്യ നികുതി ബൈലാ അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ പരസ്യ നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ തെങ്ങണ,മാമൂട് തുടങ്ങിയ സ്ഥലങ്ങളിൽ ശ്രദ്ധിക്കത്തക്ക വലിപ്പത്തിൽ വളരെയധികം പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ആകയാൽ പഞ്ചായത്തിന് നല്ലൊരു വരുമാനസ്രോതസ്സായ പരസ്യ നികുതി ഈടാക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ താമസംവിനാ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-9 ദുരിതാശ്വാസനിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല

1994-ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് 166, 177, 254 വകുപ്പുകൾ പ്രകാരവും 2003-ലെ കേരളാപഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും ചട്ടങ്ങളും) പ്രകാരവുമുള്ള ദുരിതാശ്വാസനിധി നാളിതുവരെ മാടപ്പള്ളി പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിയ്ക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിയ്ക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും, ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിയ്ക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിയ്ക്കുന്നതിനാവശ്യമായ ധനം സ്വരൂപിയ്ക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രാഥമിക ആരോഗ്യകേന്ദ്രം-കെട്ടിട നിർമ്മാണം-ദീർഘവീക്ഷണമില്ലാത്ത പദ്ധതി നിർവ്വഹണം

( 2015-16 ഓഡിറ്റ് ഖണ്ഡിക കാണുക)

മാടപ്പള്ളി പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് ഔട്ട് പേഷ്യന്റ് വിഭാഗം പ്രവർത്തിയ്ക്കുന്നതിനു വേണ്ടി 2015-16 സാമ്പത്തികവർഷം 28 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി (ലോകബാങ്ക് സഹായം ) 2562759- രൂപ ചെലവിട്ട് കെട്ടിട നിർമ്മാണം നടത്തി. ഇതിൽ അവസാനബിൽ തുക നൽകിയിട്ടുള്ളത് താഴെ പ്രതിപാദിയ്ക്കും പ്രകാരം ഓഡിറ്റ് വർഷത്തിലാണ്.

| | |
|---|---|
| വേലമൂല്യം | - 1475327.00 |
| ടെണ്ടർ ഡിഡക്ഷൻ | - 115075.51 |
| കിഴിവുകൾ | - 81616.00 |
| കോൺട്രാക്ടർക്കു നല്കിയത് | - 1278636.00 (ബിൽ നം. 15/16-17/30-1-17) |

ടി പ്രവൃത്തി നിർവ്വഹണത്തിൽ ചുവടെ ചേർക്കും പ്രകാരം അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ആരോഗ്യകേന്ദ്രത്തിന്റെ സാഹചര്യങ്ങളും ആവശ്യകതയും കൃത്യമായി പഠിക്കാതെയാണ് ഒ.പി കെട്ടിടത്തിന് പ്ലാൻ തയ്യാറാക്കിയത്. ഡോക്ടർമാർക്ക് പരിശോധന നടത്തുന്നതിനും, ഫാർമസി പ്രവർത്തിയ്ക്കുന്നതിനും രോഗികൾക്ക് വിശ്രമിയ്ക്കുന്നതിനും, മതിയായ സൗകര്യങ്ങൾ ഉൾപ്പെടുത്താതെ പ്ലാൻ തയ്യാറാക്കിയതിനാൽ 15-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3ൽ പ്രതിപാദിയ്ക്കും പ്രകാരം കെട്ടിടം ഉപയോഗക്ഷമമാക്കാൻ ഇനിയും സാധിച്ചിട്ടില്ല. മേൽപ്രതിപാദിച്ച പ്രകാരം 28 ലക്ഷം രൂപ അടങ്കലിൽ അംഗീകാരം നേടിയ എസ്റ്റിമേറ്റ് അസി.എഞ്ചിനീയർ ഏകപക്ഷീയമായി പരിഷ്ക്കരിച്ച് പ്രാഥമിക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്ന വരാന്ത, പരിഷ്ക്കരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി. തറയിലും ഭിത്തിയിലും കെട്ടിടത്തിന്റെ മുറ്റത്തും ടൈൽസ് വിരിയ്ക്കുന്നതിനുള്ള ഇനങ്ങൾ പ്രാഥമിക എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കി. സാധാരണയായി ഒഴിവാക്കപ്പെടുന്ന ഇനങ്ങൾ നിർവ്വഹിക്കേണ്ടാത്തതാണെന്നിരിക്കെ ഒഴിവാക്കിയ 3 ഇനങ്ങൾക്കായി 2016-17 ൽ പുതിയ പ്രോജക്ട് ചമച്ച് (138/16-17) അംഗീകാരം നേടുകയുണ്ടായി. 4 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ ടി പ്രവൃത്തി ( PHC കെട്ടിട നിർമ്മാണം 2ാം ഘട്ടം) 2015-16 വർഷം പദ്ധതി

നിർവ്വഹിച്ച കരാറുകാരൻ തന്നെ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുകയുണ്ടായി. 15-16 വർഷം തന്നെ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നിർവ്വഹണം നടത്തിയിരുന്നെങ്കിൽ ടെണ്ടർ കുറവായ 7.8% ന്റെ ലാഭം പഞ്ചായത്തിനുണ്ടാകുമായിരുന്നു (16-17 വർഷം പദ്ധതിയ്ക്കായി ചെലവിട്ട 375612/- രൂപയുടെ 7.8% ആയ 29298-രൂപ ലാഭിയ്ക്കാമായിരുന്നു). 2015-16 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 3-11-16 ൽ നടത്തിയ സ്ഥലപരിശോധനയിൽ പുതിയ പി എച്ച് സി കെട്ടിടത്തിന്റെ മുൻഭാഗം പേവിംഗ് ടൈൽസ് പാകിയ അവസ്ഥയിലായിരുന്നുവെന്നും ആയതിന്റെ തുക കോൺട്രാക്ടർക്ക് നൽകിയിരുന്നില്ലയെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തി കൂടി നിർവ്വഹിയ്ക്കുന്നതിനാണ് 16-17 വർഷം 138/16-17 ആയി 4 ലക്ഷം രൂപ അടങ്കലിൽ പദ്ധതി വിഭാവനം ചെയ്ത് അംഗീകാരം നേടിയതും 375612- രൂപ ചെലവിട്ടതും (ബിൽ നം 38/16-17 /25-3-17) എന്നത് ശ്രദ്ധേയമാണ്. ഇതു സംബന്ധിച്ച് 6/16-17/4-7-17 ആയി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നിർവ്വഹിച്ചു എന്ന് പറയപ്പെടുന്ന പേവിംഗ് ടൈൽസ് I.P കെട്ടിടത്തിന്റെ മുൻപിലുള്ളതാണെന്നും പറഞ്ഞു. എന്നാൽ ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ 15-16 ലെ ഓഡിറ്റ് റിപ്പോർട്ടിലെ വസ്തുത ശരിയാണെന്ന് ബോധ്യപ്പെട്ടു.

15-16 വർഷത്തെ പ്രാഥമിക എസ്റ്റിമേറ്റിൽ 14ാം ഇനം 58 എം3 ചുടുകട്ട ഉപയോഗിച്ചുള്ള ഭിത്തി നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിയ്ക്കുന്നത്. 6695.39/ എം3 നിരക്ക് ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ പരിഷ്ക്കരിച്ച എസ്റ്റിമേറ്റിൽ 1ാം ഇനമായി 67 എം3 സിമന്റ് കട്ട ഉപയോഗിച്ചുള്ള ഭിത്തി നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് 6169/എം3 നിരക്കും നൽകിയിട്ടുണ്ട്. ഇപ്രകാരം ഇനം പരിഷ്ക്കരിച്ചതിന്റെ ഗുണവശവും വ്യക്തമല്ല.

16-17 ലെ 138/16-17 പദ്ധതിയ്ക്കായി 12-1-17ൽ ടെണ്ടർ വിളിച്ചെങ്കിലും ടെണ്ടർ സമർപ്പിക്കപ്പെട്ടതിന്റെയോ സമർപ്പിക്കപ്പെടാതിരുന്നതിന്റെയോ വിവരം ലഭ്യമല്ല. തുടർന്ന് 30-1-17 ൽ ടി പ്രവൃത്തിയ്ക്ക് വീണ്ടും ടെണ്ടർ ക്ഷണിയ്ക്കുകയാണുണ്ടായത്.

മേൽ സാഹചര്യങ്ങളാൽ പിഎച്ച്സി കെട്ടിട നിർമ്മാണം ഒന്നും രണ്ടും ഘട്ട പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ സമഗ്ര അന്വേഷണത്തിന് പഞ്ചായത്തുഭരണസമിതി വിധേയമാക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

### 3-2 അങ്കണവാടി പ്രവർത്തകർക്ക് വേതനം-താൽക്കാലികജീവനക്കാർക്കും റെഗുലർ ജീവനക്കാരുടെ നിരക്കിൽ വേതനം നൽകി-

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട് - 1473150- | ബിൽ നം.2/30-11-16 - 852650- |
| | ബിൽ നം6/23-01-17 - 124100- |
| | ബിൽ നം9/25-02-17 - 248200- |
| | ബിൽ നം16/30-3-17 - 248200- |
| | ആകെ -1473150- |

ഐസിഡിഎസ് സൂപ്പർവൈസർ മുഖേന നടപ്പാക്കിയ അങ്കണവാടി പ്രവർത്തകർക്ക് വേതനം (നം.എസ്.0015/17) എന്ന പ്രോജക്ടിൽപ്പെടുത്തി 34 അങ്കണവാടികളിലെ ഹെൽപ്പർമാർക്കും, വർക്കർമാർക്കും 16.02.2016 ലെ സ.ഉ.(സാധാ.)നം.636/16/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനമിനത്തിൽ 1473150- വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ദിവസവേതന അടിസ്ഥാനത്തിൽ നിയമിതരായ താത്ക്കാലിക ജീവനക്കാർക്ക് അവർ ജോലി നിർവ്വഹിച്ച ദിവസത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വേതനം നൽകുന്നതിനു പകരം റെഗുലർ ജീവനക്കാർക്കും, താൽക്കാലിക ജീവനക്കാർക്കും തുല്യ നിരക്കിലാണ് (പ്രതിമാസം വർക്കർമാർക്ക് 2200/- രൂപയും ഹെൽപ്പർമാർക്ക് 1450/- രൂപയും) വേതനം നൽകിയിരുന്നത്. ഇപ്രകാരം റെഗുലർ ജീവനക്കാരുടെ നിരക്കിൽ താൽക്കാലികജീവനക്കാർക്ക് വേതനം നലകിയതിലൂടെ 28 ഹെൽപ്പർമാർക്കും 11 വർക്കർമാർക്കുമായി ആകെ 62281- രൂപ അധികമായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ അന്വേഷണകുറിപ്പിന് (നം.9) തുക തിരികെ അടയ്ക്കുന്നതാണെന്ന് മറുപടി നൽകി. താഴെ പ്രതിപാദിക്കും പ്രകാരം അധികം നൽകിയ 62281- രൂപയുടെ ചെലവ് നിരാകരിയ്ക്കുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

| പ്രവർത്തകയുടെ പേര് | വർക്കർ/ഹെൽപ്പർ | വേതനം നൽകിയ ദിവസങ്ങൾ | അർഹതപ്പെട്ട പ്രവൃത്തി ദിവസങ്ങൾ | അർഹതപ്പെട്ട വേതനം | നൽകിയ വേതനം | അധികം കൊടുത്ത വേതനം | കാലയളവ് |
|---|---|---|---|---|---|---|---|
| ജഗദമ്മ | വർക്കർ | 201 | 143 | 9382 | 13200 | 3818 | 4/16-3/17 |
| ഫിലോമിന മാത്യു | വർക്കർ | 30 | 24 | 1752 | 2200 | 448 | “ |
| സോമോൾ പിടി | വർക്കർ | 113 | 67 | 2605 | 4400 | 1795 | “ |
| രാജമ്മ എസ് | വർക്കർ | 61 | 44 | 3172 | 4400 | 1228 | “ |
| ഗിരിജ കെകെ | വർക്കർ | 61 | 47 | 3383 | 4400 | 1017 | “ |
| സുധാമണി എസ് | വർക്കർ | 30 | 24 | 1752 | 2200 | 448 | “ |
| സജിത എ എൽ | വർക്കർ | 183 | 134 | 9648 | 13200 | 3552 | “ |
| ഷീബാമോൾ | വർക്കർ | 64 | 46 | 4736 | 6600 | 1864 | “ |
| അനിത ആനന്ദ് | വർക്കർ | 31 | 24 | 1704 | 2200 | 496 | “ |

| | | | | | | | |
|---|---|---|---|---|---|---|---|
| റെയ്മോൾ രാജു | വർക്കർ | 62 | 35 | 2485 | 4400 | 1915 | ‘ |
| ലീലാമ്മ കെഎൻ | ഹെൽപ്പർ | 198 | 130 | 4757 | 7250 | 2493 | “ |
| ബിന്ദു കെ | ഹെൽപ്പർ | 86 | 72 | 4858 | 5800 | 942 | “ |
| ഡാർലിമോൾ ജോസഫ് | ഹെൽപ്പർ | 180 | 129 | 6220 | 8700 | 2480 | “ |
| ഓമന പിആർ | ഹെൽപ്പർ | 91 | 73 | 3480 | 4350 | 870 | “ |
| ശ്രീജ എസ് | ഹെൽപ്പർ | 91 | 73 | 3480 | 4350 | 870 | “ |
| ജ്യോതി കെഎൻ | ഹെൽപ്പർ | 212 | 167 | 8008 | 10150 | 2142 | “ |
| സന്ധ്യ ആർ | ഹെൽപ്പർ | 182 | 132 | 6299 | 8700 | 2401 | “ |
| റോസമ്മ കെ ജോൺ | ഹെൽപ്പർ | 61 | 48 | 2280 | 2900 | 620 | “ |
| സിന്ധു ആർ | ഹെൽപ്പർ | 61 | 46 | 2184 | 2900 | 716 | “ |
| ഗീതാമ്മ | ഹെൽപ്പർ | 30 | 29 | 1392 | 1450 | 58 | “ |
| ശാന്തി ഡി | ഹെൽപ്പർ | 214 | 145 | 6875 | 10150 | 3275 | “ |
| സുനിതകുമാരി പിസി | ഹെൽപ്പർ | 153 | 112 | 5307 | 7250 | 1943 | “ |
| സൗമ്യ കെഎം | ഹെൽപ്പർ | 175 | 136 | 6758 | 8700 | 1942 | “ |
| മഞ്ജുമോൾ | ഹെൽപ്പർ | 184 | 125 | 5919 | 8700 | 2781 | “ |
| സുമ കെ വി | ഹെൽപ്പർ | 184 | 133 | 6295 | 8700 | 2405 | “ |
| തങ്കമ്മ കെ പി | ഹെൽപ്പർ | 144 | 113 | 6805 | 8700 | 1895 | “ |
| ജിഷ ടി കെ | ഹെൽപ്പർ | 184 | 137 | 6483 | 8700 | 2217 | “ |
| ജെസ്സി ജോസഫ് | ഹെൽപ്പർ | 122 | 90 | 5355 | 7250 | 1895 | “ |
| അനിത വി ആർ | ഹെൽപ്പർ | 181 | 131 | 6291 | 8700 | 2409 | “ |
| മഹേശ്വരി | ഹെൽപ്പർ | 234 | 137 | 5098 | 8700 | 3602 | “ |
| ഷാഹിദ സാലി | ഹെൽപ്പർ | 31 | 17 | 799 | 1450 | 651 | “ |
| യമുന സുനിൽ | ഹെൽപ്പർ | 90 | 70 | 3400 | 4350 | 950 | “ |
| ലൗസി ചാക്കോ | ഹെൽപ്പർ | 31 | 18 | 843 | 1450 | 607 | “ |
| ഉഷാമോൾ പിജെ | ഹെൽപ്പർ | 59 | 47 | 2319 | 2900 | 581 | “ |
| അനിത വി ഗോപാലൻ | ഹെൽപ്പർ | 120 | 94 | 4528 | 5800 | 1272 | “ |
| സമിത സാജൻ | ഹെൽപ്പർ | 90 | 71 | 3447 | 4350 | 903 | “ |
| സുജ എസ് | ഹെൽപ്പർ | 59 | 47 | 2319 | 2900 | 903 | “ |
| സുഹറ ബീവി | ഹെൽപ്പർ | 31 | 15 | 705 | 1450 | 581 | “ |
| അജിത കെപി | വർക്കർ | 90 | 70 | 5146 | 6600 | 1864 | “ |
| | | | | ആകെ | | 62281 | |

## 3-3 അംഗപരിമിതരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്- എസ് സി പി പ്രോജക്ടിൽ പൊതുവിഭാഗത്തെയും ഉൾപ്പെടുത്തിയത്-

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട്(പൊതുവിഭാഗം)-700000- | 700000- |
| (എസ് സി പി) -150000- | 150000- |
| ബ്ലോക്ക് വിഹിതം -300000- | 300000- |
| ജില്ലാപഞ്ചാ.വിഹിതം -500000- | 412500- |
| ആകെ -1650000- | 1562500- |

ഐസിഡിഎസ് സൂപ്പർവൈസർ മുഖേന തൻവർഷം നടപ്പാക്കിയ അംഗപരിമിതരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (നം.0022/17) പദ്ധതി സേവനമേഖലയിൽ പട്ടികജാതി വിഭാഗത്തിനായി വിഭാവനം ചെയ്ത പദ്ധതിയാണ്. എന്നാൽ പദ്ധതി ഗുണഭോക്താക്കളായി പൊതുവിഭാഗത്തെയും ഉൾപ്പെടുത്തി ജനറൽ ഫണ്ട് പൊതുവിഭാഗത്തിൽപ്പെട്ടവർക്കും, എസ് സി പി ഫണ്ട് പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്കും വിനിയോഗിയ്ക്കുകയാണ് ചെയ്തത്. എസ് സി പി ഫണ്ട് പൂർണമായും പട്ടികജാതിവിഭാഗത്തിന് തന്നെ വിനിയോഗിച്ചുവെങ്കിലും പൊതുവിഭാഗത്തെ കൂടി ഉൾപ്പെടുത്തിയതു വഴി പട്ടികജാതി വിഭാഗത്തിനായി നടപ്പാക്കിയ പദ്ധതിയുടെ ലക്ഷ്യം പൂർണമായി കൈവരിയ്ക്കാൻ സാധിച്ചില്ലയെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-4 വെള്ളക്കരം

ഗ്രാമപഞ്ചായത്തിലെ 209 പൊതു ടാപ്പുകൾക്ക് (ടാപ്പൊന്നിന് പ്രതിവർഷം 5250-രൂപ കണക്കിൽ) വെള്ളക്കരമിനത്തിൽ 91438/-രൂപയാണ് അടവാക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ PH/SN/CHRY-19/2016 തീയതി 24/03/2017 നം.റിപ്പോർട്ട് പ്രകാരം 169ടാപ്പുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. ഇതു പ്രകാരം 73938/- രൂപയാണ് ഈയിനത്തിൽ അടയ്ക്കേണ്ടത്. എന്നാൽ നിലവിലും 91438/-രൂപ അടച്ചു പോരുന്നതിനാൽ പ്രതിമാസം 17500/-രൂപയാണ് അധിക അടവ് വരുന്നത്. ഇതു

സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7) പ്രവർത്തനക്ഷമമായ ടാപ്പുകളുടെ പട്ടിക അംഗീകാരത്തിനായി വാട്ടർ അതോറിറ്റിയിലേക്ക് അയച്ചിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ട്. വാട്ടർ ചാർജ്ജിനത്തിൽ 17500/-രൂപ പ്രതിമാസം അധികമായി അടയ്ക്കുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

### 3-5 ജലനിധി

മേൽ പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിൽ 12 സമിതികളും ഓരോ സമിതിയുടേയും പേരിൽ ഒരു പദ്ധതി വീതവും പ്രവർത്തിച്ചു വരുന്നു. പദ്ധതിക്കായി തൻവർഷം വൻ തുക പഞ്ചായത്തിന് ചെലവുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലഭിച്ച തുകയുടെ സംക്ഷിപ്തവിവരം | | | | |
|---|---|---|---|---|
| മുന്നിരിപ്പ് | 2016-17ൽ ലഭിച്ച തുക | ആകെ | 2016-17ൽ ചെലവഴിച്ച തുക | 31-03-17ൽ ബാക്കി |
| 1946019 | 21699491 | 23645510 | 13507970 | 10137540 |

| സമിതികൾക്ക് ലഭിച്ച തുകയുടെ വിവരം | | | | |
|---|---|---|---|---|
| മുന്നിരിപ്പ് | 2016-17ൽ ലഭിച്ച തുക | ആകെ | 2016-17ൽ ചെലവഴിച്ച തുക | 31-03-17ൽ ബാക്കി |
| 563000 | 13401419 | 38556615 | 7269741.48 | 10777339.52 |

| പദ്ധതിക്കായി ലഭിച്ച തുകയുടെ വിവരം | | |
|---|---|---|
| അടങ്കൽ തുക | 2016-17ൽ ചെലവഴിച്ച തുക | 31-03-17ൽ ബാക്കി |
| 51351000 | 7269741.48 | 44081258.52 |

പദ്ധതിയുടെ നിർമ്മാണ പ്രവർത്തികളിൽ പകുതിയിലധികവും 10%ൽ കുറവാണ് നാളിതുവരെ പൂർത്തിയാക്കിയിരിക്കുന്നത്. ഇതിലൊരെണ്ണം ആരംഭിച്ചിട്ടുമില്ല. ജലനിധി പദ്ധതിക്കായി ലഭിച്ച 4.4 കോടി രൂപ യാതൊരുപയോഗവുമില്ലാതെ അവശേഷിക്കുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-6 കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികൾ-സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയത്-

| പ്രോജക്ട് നം/ പേര് | ആകെ ചെലവുതുക |
|---|---|
| എസ്.0025/17.പച്ചക്കറി വികസനപദ്ധതി വനിതകൾക്ക്- | 172300- |
| എസ്.0026/17. ഏത്തവാഴക്കൃഷി വികസനപദ്ധതി | 25000- |
| എസ്.0027/17. കിഴങ്ങുവർഗ്ഗകൃഷി (മരച്ചീനികൃഷി) | 100000- |

മേൽ പരാമർശിച്ച എല്ലാ പ്രോജക്ടുകളിലും ജൈവവളം/രാസവളം സബ്സിഡി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 4/16 തസ്വഭവ. 11-1-16 പ്രകാരം സബ്സിഡി തുക ഗുണഭോക്താക്കൾക്ക് പണമായി നൽകാൻ പാടില്ല. മാത്രമല്ല പ്രാദേശികമായി ഉല്പാദിപ്പിയ്ക്കുന്ന ജൈവവളം, കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യേണ്ടതുമാണ്. ഡിപിസി അംഗീകരിച്ച പ്രോജക്ടാണ് നടപ്പിലാക്കിയതെന്നും ഗുണഭോക്താവ് വളം വാങ്ങിയതിന്റെ ബിൽ തരുന്ന മുറയ്ക്കാണ് തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതതെന്നും കൃഷി ഓഫീസർ അന്വേഷണകുറിപ്പിനു മറുപടി നൽകി. സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം മാത്രം പദ്ധതികൾ നടപ്പാക്കുന്നതിനു ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

### 3-7 സ്വയംതൊഴിലിനായി മോട്ടോർ സൈക്കിൾ സബ്സിഡി-മുൻഗണന മാനദണ്ഡങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്വയം തൊഴിൽ - എസ്.സി. യുവജനങ്ങൾക്ക് മോട്ടോർ സൈക്കിളിന് സബ്സിഡി |
| പ്രോജക്ട് നം. വർഷം | S0108/17 . 2016-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 1,09,242/- രൂപ വികസന ഫണ്ട്-എസ്.സി.പി. |

| | |
|---|---|
| | 10,758/- രൂപ തനത് ഫണ്ട് |
| ചെലവ് | 80,000/- |
| ചെലവ് വിശദാംശം | 20,000/- വീതം 4 ബില്ലുകൾ നം.003/17/10.03.2017,004/17/16.03.2017, 014/17/28.03.2017, 22/17/30.03.2017 |

മേൽ പ്രോജക്ടിന്റെ അർഹത മാനദണ്ഡങ്ങളായി നിശ്ചയിച്ചത് സ്വയം തൊഴിൽ ചെയ്യാനുള്ള സന്നദ്ധത, മൂലധനം, വാഹനം ഓടിക്കാനുള്ള ലൈസൻസ്, ഇരുചക്രവാഹനം മുഖേന നടത്തുന്ന തൊഴിലിൽ പ്രാവീണ്യം എന്നിവയാണ്. മുൻഗണന മാനദണ്ഡങ്ങളിലും മേൽപറഞ്ഞ യോഗ്യതകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സബ്സിഡി നൽകിയ ഗുണഭോക്താക്കൾക്ക് മാനദണ്ഡങ്ങളിൽ പരാമർശിച്ച യോഗ്യതയുള്ളതായി കാണുന്നില്ല. ഗുണഭോക്താക്കൾക്ക് വാഹനം ഓടിക്കാനുള്ള ലൈസൻസിന്റെ പകർപ്പ് ഫയലിലില്ല. ഇരുചക്രവാഹനം ഉപയോഗിച്ച് ഏത് സ്വയംതൊഴിലാണ് ഗുണഭോക്താക്കൾ നടത്തുന്നത് എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. സബ്സിഡി തുക 20,000/- വീതം, ഗുണഭോക്താക്കൾ വാഹനം ബുക്ക് ചെയ്ത പെർഫോമ ഇൻവോയ്സ് പ്രകാരമുള്ള ഡീലർമാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ക്രഡിറ്റ് ചെയ്ത് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ വാഹനം വാങ്ങി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. സുദീഷ് പി. ശുഭാനന്ദൻ എന്ന ഗുണഭോക്താവിന് റോയൽ എൻഫീൽഡ് ബുള്ളറ്റ് -350 എന്ന 1.5 ലക്ഷം രൂപയിലധികം വിലയുള്ള മോട്ടോർ സൈക്കിളിനാണ് സബ്സിഡി നൽകിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | മോട്ടോർ സൈക്കിൾ ബുക്ക് ചെയ്ത ഡീലർ | ബുക്ക് ചെയ്ത വാഹനം | പെർഫോമ ഇൻവോയ്സ് പ്രകാരമുള്ള വില |
|---|---|---|---|
| മഹേഷ് കുമാർ കെ.ആർ, കൊച്ചുവീട്, മാടപ്പള്ളിപി.ഓ. | പി.എസ്. ഹോണ്ട, കറുകച്ചാൽ | Honda Activa - 4G Red | 60,994/- |
| സുദീഷ് പി. ശുഭാനന്ദൻ, പുളിമൂട്ടിൽ വീട്, കുറുമ്പനാടം പി.ഓ | സെന്റ് മേരിസ് മോട്ടാഴ്സ്, എം.സി. റോഡ്, തിരുവല്ല | Royal Enfield Classic 350cc UCE ES Disc | 1,53,397/- |
| സുരേഷ് കുമാർ കെ.കെ., കല്ലുപറമ്പിൽ, മാമൂട് പി.ഓ. | ജൂബിലി ഹീറോ, നാഗമ്പടം, കോട്ടയം | Hero Passion PRO Disc | 68,515/- |
| കൃഷ്ണമ്മ ബി., കുര്യാനിമറ്റത്തിൽ, പെരുമ്പനച്ചി | പുരയ്ക്കൽ മോട്ടോഴ്സ്- കോട്ടയം | ഫയലിൽ വ്യക്തമല്ല | -- |

അർഹതാമനദണ്ഡങ്ങൾ പാലിക്കാതെ മോട്ടോർ സൈക്കിളിന് സബ്സിഡി നൽകിയത് 11.01.2016-ലെ ജി.ഒ(എം.എസ്.)-4/2016/തസ്വഭവ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/01.07.2017) അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് മുൻഗണന മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നും സാമ്പത്തികവർഷത്തിന്റെ അവസാനം നിർവ്വഹണം നടത്തിയതിനാൽ പ്രോജക്ട് മുൻഗണന മാനദണ്ഡങ്ങൾ വ്യക്തമാക്കുന്ന രേഖകൾ ഗുണഭോക്താക്കളിൽ നിന്നും ലഭ്യമായിരുന്നില്ല എന്ന് അറിയിച്ചു. വിശദാംശങ്ങൾ പിന്നീട് ലഭ്യമാക്കുമെന്ന് അറിയിച്ചു. ഗുണഭോക്താക്കളുടെ ഡ്രൈവിങ്ങ് ലൈസൻസിന്റെ പകർപ്പ്, മോട്ടോർ സൈക്കിൾ വാങ്ങി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, മോട്ടോർ സൈക്കിൾ ഉപയോഗിച്ച് ചെയ്യുന്ന സ്വയംതൊഴിലിന്റെ വിശദാംശം എന്നിവ ലഭ്യമാകാത്തതിനാൽ പ്രോജക്ടിന്റെ ചെലവ് 80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-8 മരുന്ന് പൂർണ്ണമായി ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

ആയുർവ്വേദ മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ സർക്കാർ ആയുർവ്വേദ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ (നം.119/17) പദ്ധതിയ്ക്കായി 400000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) രണ്ടു തവണകളായി (2 ലക്ഷം- ബിൽ നം. 40/16-17/29-11-16, 2 ലക്ഷം- ബിൽ നം.51/16-17/25-02-17) തൃശ്ശൂർ ഔഷധിയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും, 257951- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളു. ലഭിയ്ക്കാനുള്ള മരുന്നിന്റെ ചെലവുതുക 142049/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-9 മരുന്ന് ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

ഹോമിയോ മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി (പ്രോജക്ട് നം.21/17) വകയിരുത്തിയ 50000/- രൂപ (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) ( ബിൽ നം.1/16-17/13-01-17) ഹോംകോയിൽ അടച്ചുവെങ്കിലും, നാളിതുവരെ മരുന്ന് ലഭ്യമായില്ല. മരുന്ന് ലഭ്യമാകുന്നതുവരെ ചെലവുതുക 50000- തടസ്സപ്പെടുത്തുന്നു.

### 3-10 മരുന്ന് പൂർണ്ണമായി ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

പിഎച്ച് സി മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ ചുവടെ കൊടുത്തിരിയ്ക്കുന്ന മരുന്ന് വാങ്ങൽ പ്രോജക്ടുകൾക്കായി തിരുവനന്തപുരം കെ എം എസ് സി എൽ ഒടുക്കിയ തുകകൾക്കുള്ള മരുന്നും പാലിയേറ്റീവ് ഉപകരണങ്ങളും നാളിതുവരെ പൂർണ്ണമായി ലഭ്യമായിട്ടില്ല.

| പ്രോജക്ട് നം/പേര് | ലഭിയ്ക്കാനവശേഷിയ്ക്കുന്ന മരുന്നിന്റെ ചെലവ് തുക | ബിൽ നം/തീയതി |
|---|---|---|
| നം.22/17.പാലിയേറ്റീവ് കെയർ | വികസനഫണ്ട് (ജനറൽ) 100000-<br>100000 | 13/17/15-03-17<br>12/17/15-03-17 |
| നം,23/17,പിഎച്ച്സിയ്ക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 50000 | 14/17/15-03-17 |
| നം. 121/17. വയോജനങ്ങൾക്ക് പോഷകമരുന്നുകൾ | വികസനഫണ്ട് (ജനറൽ) 199838 | 11/17/13-03-17 |
| ആകെ | 449838 | |

മരുന്ന് പൂർണമായി ലഭ്യമാക്കിയില്ല. ചെലവുതുക 449838 തടസ്സപ്പെടുത്തുന്നു.

### 3-11 ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ലഭിച്ച തുക തനത് ഫണ്ടിൽ അവശേഷിക്കുന്നു

2014-15 വർഷത്തിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ലഭിച്ച തുക 3,91,500/- രൂപ 31.03.2017 തീയതിയിലും ചെലവഴിക്കാതെ അവശേഷിക്കുന്നു(സാംഖ്യ കണക്ക് ശീർഷകം-320200319). കോട്ടയം ജില്ലാ ശുതിത്വ മിഷൻ കോ-ഓർഡിനേറ്ററിൽ നിന്നും 17.10.2015-ലാണ് പ്രസ്തുത ഫണ്ട് ലഭിച്ചത് (ഡിഡി നം.656007/05.10.2015). പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് തുക സൂക്ഷിച്ചിരിക്കുന്നത്. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ലഭിച്ച തുക 2017-18 വർഷത്തിൽ നിർദ്ദിഷ്ട പ്രോജക്ടിനായി ചെലവഴിക്കേണ്ടതാണ്.

### 3-12 ആശ്രയ പദ്ധതി - കുടുംബശ്രീക്ക് നൽകിയ വിഹിതം ചെലവഴിച്ചില്ല

| | |
|---|---|
| പ്രോജക്ട് | ആശ്രയ പദ്ധതി |
| പ്രോജക്ട് നം. വർഷം | 130/17 2016-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 2 ലക്ഷം (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 2 ലക്ഷം<br>ബിൽ നം.009/17 തീയതി 22.03.2017 |

ആശ്രയ പദ്ധതിക്കായി ധനസഹായത്തിന് തൻവർഷം അർഹതയുള്ള 19 ഗുണഭോക്താക്കൾ ഉള്ളതായി കുടുംബശ്രീ ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തൻവർഷം തുക വകയിരുത്തിയെങ്കിലും സാമ്പത്തിക വർഷത്തിന്റെ അവസാന മാസം മാത്രമാണ് കുടുംബശ്രീക്ക് വിഹിതം നൽകിയത്. കുടുംബശ്രീയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (കാനറ ബാങ്ക് അക്കൗണ്ട് നം.3454950806) 23.03.2017 തീയതിയിലാണ് നൽകിയത്. തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ലാത്തതിനാൽ 2 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക ചെലവഴിച്ച് വിശദാംശം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-13 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

2016-17 വർഷം നടപ്പിലാക്കിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമ നം. | പ്രോജക്ടിന്റെ നം./പേര് | ചെലവ് | (ഡി.ഡി/വൗച്ചർ/ ബിൽനം./ തീയതി) | ഡി.ഡി ആർക്ക് കൊടുത്തു | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 0029/17<br>കന്നുകുട്ടിപരിപാലനം | വികസനഫണ്ട്-സാധാരണ വിഹിതം 462500 | 330847/2-2-17 | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം | വെറ്റിനറി സർജൻ |
| 2 | 0122/17<br>പിഎം എ വൈ വിഹിതം (ജനറൽ) | വികസനഫണ്ട്-സാധാരണ വിഹിതം 80000 | ബിൽ നം.1/16-17/28-2-17 | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, | വിഇഒ |

| | | | | | |
|---|---|---|---|---|---|
| 3 | 0152/17 ഐഎവൈ അധികവിഹിതം അടയ്ക്കൽ | വികസനഫണ്ട്-സാധാരണ വിഹിതം 650000 | ബിൽ നം.5/16-17/ 6-3-17 | " | " |
| 4 | 02/17 എസ്എസ്എ വിഹിതം അടയ്ക്കൽ | വികസനഫണ്ട്-സാധാരണ വിഹിതം 650000 | വൗച്ചർ നം 21600798/19-1-17 | എസ്എസ്എ, കോട്ടയം | സെക്രട്ടറി |
| 5 | 140/17 സാമൂഹ്യ സുരക്ഷാമിഷൻ വിഹിതം | വികസനഫണ്ട്-സാധാരണ വിഹിതം 200000- | വൗച്ചർനം.21600958/1-3-17 | സാമൂഹ്യ സുരക്ഷാമിഷൻ | സെക്രട്ടറി |
| 6 | 107/17 പി.എം.എ.വൈ. വിഹിതം (എസ്.സി.) | 35000/- വികസനഫണ്ട്-എസ്.സി.പി. | ബിൽ നം.001/16-17 /30.01.2017 DD No.330876/02.02.2017 | ബി.ഡി.ഒ.-മാടപ്പള്ളി | അസിസ്റ്റന്റ് സെക്രട്ടറി |
| 7 | 151/17 ഐ.എ.വൈ.-അധിക വിഹിതം (എസ്.സി.) | 765000/- വികസനഫണ്ട്-എസ്.സി.പി. | ബിൽ നം.002/16-17 /09.02.2017 | ബി.ഡി.ഒ.-മാടപ്പള്ളി | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 2842500 | | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 28,42,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-14 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

2016-17 സാമ്പത്തികവർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 219 പദ്ധതികൾ വിഭാവനം ചെയ്തതിൽ 102 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിയ്ക്കുകയും 80 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 24771 തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെടുകയും 696 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിയ്ക്കുകയും ചെയ്തു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് മഴക്കുഴി നിർമ്മാണം, കംപോസ്റ്റ് കുഴി നിർമ്മാണം, വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ, കയ്യാല നിർമ്മാണം എന്നിവ നടപ്പാക്കി. കൂടാതെ 9 റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികളും തൻവർഷം നടപ്പിലാക്കി. കാഷ്ബുക്ക് പ്രകാരമുള്ള തൻവർഷത്തെ ആകെ വരവു ചെലവു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7689/- |
| വരവ് | 9548252/- |
| ആകെ | 9555941/- |
| ചെലവ് | 9539112/- |
| നീക്കിയിരിപ്പ് | 16829/- |

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 30.03.2017 | 4,12,500/- | സ്കോളർഷിപ്പ്-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് (S0018/17) | 4,12,500/- | ഇല്ല |
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 29.03.2017 | 3,00,000/- | സ്കോളർഷിപ്പ്-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് (S0018/17) | 3,00,000/- | ഇല്ല |
| മാടപ്പള്ളി ബ്ലോക്ക് | 29.03.2017 | 1,50,000/- | അംഗനവാടികൾക്ക് ഉപകരണങ്ങൾ | 1,50,000/- | ഇല്ല |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വാങ്ങൽ(S0020/17) | | |

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | വൗച്ചർനം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ (S0014/17) | 21601205/31.03.2017 | 59,745/- | ഇല്ല | 59,745/- |
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ (S0038/17) | 21600795/19.01.2017<br>21600796/19.01.2017<br>21600790/19.01.2017 | 2,19,850/- | ഇല്ല | 2,19,850/- |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ (S0163/17) | 21601224/31.03.2017 | 3,00,000/- | ഇല്ല | 3,00,000/- |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം വായ്പയിനത്തിൽ ബാധ്യത ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 87,17,103/- |
| തൻവർഷം നിക്ഷേപിച്ച തുക (സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ) | 8,34,208/- |
| ആകെ | 95,51,311/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 95,51,311/- |

മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്-പെരുമ്പനച്ചി ശാഖയിലുള്ള 6 സ്ഥിരനിക്ഷേപ അക്കൗണ്ടുകളിലാണ് മേൽപറഞ്ഞ തുക നിക്ഷേപിച്ചിരിക്കുന്നത്. 31.03.2017-ൽ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം (അക്കൗണ്ട് നം.) | തുക |
|---|---|
| എഫ്.ഡി.ആർ.030748 | 3,66,023/- |
| എഫ്.ഡി.ആർ.038542 | 10,02,207/- |
| എഫ്.ഡി.ആർ.042627 | 19,21,953/- |
| എഫ്.ഡി.ആർ.042628 | 19,21,953/- |
| എഫ്.ഡി.ആർ.042635 | 3,72,444/- |
| എഫ്.ഡി.ആർ.035490 | 39,66,731/- |
| ആകെ | 95,51,311/- |

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 02-03 | 2-9 | 2005-06 | 2(26)(1) | മിനിസിവിൽ സ്റ്റേഷൻ നിർമ്മാണം ലാൻഡ് അകിസിഷന് വേണ്ടി 40.5 ലക്ഷം രൂപ സർക്കാരിൽ കെട്ടിവച്ചെങ്കിലും നിർമ്മാണം അനിശ്ചിതമായി തുടരുന്നു. | ബഹു.നിയമസഭാസമിതിയുടെ റിപ്പോർട്ട് പ്രകാരമുള്ള തുടർ നടപടികൾ തുടരുന്നു. ഇത് സംബന്ധമായ ഫയൽ ഹാജരാക്കിയില്ല. |
| 2000-01 | | 2000-01 | 4(26) | പിരിവ് നടത്തിയ പണം അനധികൃതമായി കയ്യിൽ സൂക്ഷിക്കുന്ന പ്രവണത | |

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 90,161,919/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69,265,789/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 62,281/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37,64,387 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-2 | - | 62,281/- | ശ്രീമതി ലക്ഷ്മി എ.എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 80,000/- | ശ്രീ തോമസ് വി. കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 1,42,049/- | ഡോ. അഞ്ജന, മെഡിക്കൽ ഓഫീസർ-ആയുർവേദം |
| 3-9 | 50,000/- | ഡോ. ശ്രീലത എൽ.വി., മെഡിക്കൽ ഓഫീസർ-ഹോമിയോ |
| 3-10 | 4,49,838/- | ഡോ. ഡാലി സഖറിയാസ്, മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. |
| 3-12 | 2,00,000/- | ശ്രീ തോമസ് വി. കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | 4,62,500/- | ഡോ. ഡി. ദീപു , വെറ്ററിനറി സർജൻ |
| | 7,30,000/- | ശ്രീ ദിനേശൻ പി.പി., വി.ഇ.ഒ. |
| | 8,50,000/- | ശ്രീ പി.വി. രാജീവ്, സെക്രട്ടറി |
| | 8,00,000/- | ശ്രീ തോമസ് വി. കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലക്ഷ്മി എ.എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ്, മാടപ്പള്ളി, മാടപ്പള്ളി പി.ഒ.- 686546. | കൃതിവാസ്, പുതുപ്പറമ്പിൽ, വാഴപ്പള്ളി വെസ്റ്റ് പി.ഒ., ചങ്ങനാശ്ശേരി – 686103. |

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.പി 8/334/08/31.03.09 | | |
| 96-97ചെലവ് | എൽ.എഫ്.കെ.പി 3/209/98/02.05.98 /10.03.2000 | | |
| 2001-2002 ചെലവ് | എൽ.എഫ്.കെ.പി-8/578/04/08.12.15 | 2 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി 8/680/05/08.12.15 | 1 | |
| 2006-07 | എൽ.എഫ്.കെ.പി.8/886/10/09.12.15 | 3 | |
| 2007-08 | കെഎസ്എ.കെടിഎം-പി.3/1595/11 തീ.01.04.16 | 8 | |
| 2008-09 | കെഎസ്എ.കെടിഎം-പി.3.622/12 /02.04.16 | 8 | |
| 2009-10 | കെഎസ്എ.കെടിഎം-പി.3-623/12 /02.04.16 | 7 | |
| 2010-11 | കെഎസ്എ.കെടിഎം-പി.3-624/12 /02.04.16 | 12 | |
| 2011-12 | എൽ.എഫ്.കെ.പി.3-1291/2013 /27.12.13 | 14 | |
| 2012-13 | എൽ.എഫ്.കെ.പി.3/1578/14/21.04.15 | 7 | |
| 2013-14 | കെഎസ്എ.കെടിഎം-പി.3-816/15 /02.02.16 | 9 | |
| 2014-15 | കെഎസ്എ.കെടിഎം-പി.3- /16/02.02.16 | 27 | |
| 2015-16 | കെഎസ്എ-കെടിഎം.പി3-1740/2016 /05.05.2017 | 30 | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ല ഓഡിറ്റ് കാര്യാലയം-കോട്ടയം**

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം 2016-17</u>

**നം.കെഎസ്എ-കെടിഎം.പി.10-1115/2017**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
**ഫോൺ:** 04812564886
**ഇ-മെയിൽ:** doktm.ksad@kerala.gov.in
തീയതി:14.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **മാടപ്പള്ളി** ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മാടപ്പള്ളി** ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**